# Desabhimani
# 13 August 2018
# Thiruvananthapuram, Flood Relief Fund

## ദുരിതാശ്വാസ നിധിയിലേക്ക് സഹായപ്രവാഹം

സ്വന്തം ലേഖകൻ



- വ്യവസായി യൂസഫലി 5 കോടി നൽകും
- സഹായവുമായി തെന്നിന്ത്യൻ നടികർ സംഘവും
- എം കെ സ്റ്റാലിൻ ഒരു കോടി നൽകി

**തിരുവനന്തപുരം**

കേരളത്തെ മഴക്കെടുതിയിൽ നിന്ന് കരകയറ്റാൻ രാജ്യത്തിനകത്തും പുറത്തും നിന്നും സഹായപ്രവാഹം. പ്രമുഖ വ്യക്തികൾ, സംഘടനകൾ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തുനിന്നുള്ളവരും സാധാരണക്കാരുമടക്കം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സഹായം നൽകുന്നുണ്ട്. പ്രമുഖ പ്രവാസിവ്യവസായി എം എ യൂസഫലി അഞ്ചുകോടി രൂപ നൽകുമെന്ന് അറിയിച്ചു. സഹായം നൽകാൻ ഞായറാഴ്ച ചേർന്ന തെന്നിന്ത്യൻ നടികർസംഘത്തിന്റെ പ്രത്യേക പ്രവർത്തകസമിതി യോഗം തീരുമാനിച്ചു. ആദ്യഘട്ടമായി അഞ്ചു ലക്ഷം രൂപയാണ് നൽകുക. യോഗത്തിൽ പ്രസിഡന്റ് എം നാസർ അധ്യക്ഷനായി.

ഡിഎംകെ വർക്കിങ് പ്രസിഡന്റ് എം കെ സ്റ്റാലിൻ ഒരു കോടി രൂപ നൽകി. മലയാളികൾക്ക് കഴിവിന്റെ പരമാവധി സഹായം എത്തിക്കുമെന്നും ഡിഎംകെ വാർത്താകുറിപ്പിൽ അറിയിച്ചു. ആസ്റ്റർ മിംസ് എംഡി ആസാദ് മൂപ്പൻ 50 ലക്ഷം രൂപ നൽകും.

മന്ത്രിമാരായ കടകംപള്ളി സുരേന്ദ്രൻ, കെ കെ ശൈലജ, പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല, എം പി വീരേന്ദ്രകുമാർ എംപി എന്നിവർ ഒരുമാസത്തെ ശമ്പളം നൽകും.

നമുക്കാവുന്ന സംഭാവന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകണമെന്ന് നടൻ വിനായകൻ അഭ്യർഥിച്ചു. ദുരന്ത നിവാരണത്തിനായി എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും അദ്ദേഹം വീഡിയോ സന്ദേശത്തിൽ പറഞ്ഞു. ഓൾ കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (എകെപിസിടിഎ) അംഗങ്ങളായ അധ്യാപകർ ഒരു ദിവസത്തെ വേതനം നൽകും. കൂടാതെ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഭക്ഷണം, ചികിത്സ എന്നിവയ്ക്കാവശ്യമായ സഹായവും നൽകും. കേരള റീട്ടയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ആദ്യഗഡുവായി 10 ലക്ഷം രൂപ നൽകും.